**ജോഹന്നാസ്ബർഗിലെ G20 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ദക്ഷിണാഫ്രിക്കൻ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തി (നവംബർ 23, 2025)**

നവംബർ 23, 2025

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി G20 ഉച്ചകോടിക്കിടെ ജോഹന്നാസ്ബർഗിൽ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് ശ്രീ. സിറിൽ റമഫോസയുമായി ഇന്ന് കൂടിക്കാഴ്ച നടത്തി. ഊഷ്മളമായ ആതിഥേയത്വത്തിനും ഉച്ചകോടിയുടെ വിജയകരമായ നടത്തിപ്പിനും പ്രസിഡന്റ് റമഫോസയ്ക്ക് പ്രധാനമന്ത്രി നന്ദി അറിയിച്ചു. ന്യൂഡൽഹിയിൽ നടന്ന G20 ഉച്ചകോടിയിൽ എടുത്ത തീരുമാനങ്ങളെ മുന്നോട്ടു കൊണ്ടുപോകാനും കെട്ടിപ്പടുക്കാനുമുള്ള ദക്ഷിണാഫ്രിക്കൻ G20 ശ്രമങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

2. ഇന്ത്യ-ദക്ഷിണാഫ്രിക്ക ബന്ധങ്ങൾക്ക് അടിവരയിടുന്ന ചരിത്രപരമായ ബന്ധങ്ങൾ സ്മരിച്ചുകൊണ്ട്, ഇരു നേതാക്കളും ഉഭയകക്ഷി ബന്ധങ്ങൾ അവലോകനം ചെയ്യു, വ്യാപാരം, നിക്ഷേപം, ഭക്ഷ്യ സുരക്ഷ, നൈപുണ്യ വികസനം, ഖനനം, യുവജന വിനിമയം, ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ കൈവരിച്ച പുരോഗതിയിൽ നേതാക്കൾ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്യു. AI, ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യം, നിർണ്ണായക ധാതുക്കൾ എന്നീ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും അവർ ചർച്ച ചെയ്യു. ദക്ഷിണാഫ്രിക്കയിൽ ഇന്ത്യൻ സ്ഥാപനങ്ങളുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യത്തെ നേതാക്കൾ സ്വാഗതം ചെയ്യു, അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതികവിദ്യ, നവീകരണം, ഖനനം, സ്റ്റാർട്ടപ്പ് എന്നീ മേഖലകളിൽ പ്രത്യേകമായി പരസ്പര നിക്ഷേപങ്ങൾ സുഗമമാക്കാമെന്ന് ഇരുവരും തമ്മിൽ ധാരണയിലെത്തി. ദക്ഷിണാഫ്രിക്കൻ ചീറ്റകളെ ഇന്ത്യയിലേക്ക് പുനരധിവസിപ്പിച്ചതിന് പ്രസിഡന്റ് റമഫോസയ്ക്ക് പ്രധാനമന്ത്രി നന്ദി പറഞ്ഞു, ഇന്ത്യയുടെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര ബിഗ് ക്യാറ്റ് സഖ്യത്തിന്റെ ഭാഗമാകാൻ അദ്ദേഹത്തെ ക്ഷണിക്കുകയും ചെയ്യു.

3. ഗ്ലോബൽ സൗത്തിന്റെ ശബ്ദം ശക്തിപ്പെടുത്താൻ സംയുക്തമായി പ്രവർത്തിക്കാമെന്ന് നേതാക്കൾ ധാരണയിലെത്തി. ഈ

സാഹചര്യത്തിൽ, IBSA നേതാക്കളുടെ യോഗം നടത്താൻ ദക്ഷിണാഫ്രിക്ക മുൻകൈ എടുത്തതിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു. 2026-ൽ നടക്കാനിരിക്കുന്ന BRICS ഉച്ചകോടിയിൽ ഇന്ത്യ അധ്യക്ഷസ്ഥാനം വഹിക്കുന്നതിന് ദക്ഷിണാഫ്രിക്കയുടെ പൂർണ്ണ പിന്തുണ പ്രസിഡന്റ് റമഫോസ ഉറപ്പ് നൽകി.

**ജോഹന്നാസ്ബർഗ്**

**നവംബർ 23, 2025**